(സി) 'ഭൂമികേരളം' പദ്ധതിയുടെ കീഴിൽ മലപ്പുറം ജില്ലയിൽ മേൽമുറി വില്ലേജിന്റെ ഫീൽഡ് ജോലികൾ പൂർത്തിയാക്കി 9(2) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ഭൂരേഖാ കമ്പ്യൂട്ടർവത്ക്കരണം നിലവിൽ റീസർവ്വേ പൂർത്തീകരിച്ച വില്ലേജുകളിൽ നടന്നുവരുന്നു.

(ഇ) ഇല്ല. സംസ്ഥാനത്താകെയുള്ള 1634 വില്ലേജുകളിൽ 777 വില്ലേജുകളിൽ കമ്പ്യൂട്ടറുകൾ ലഭ്യമാണ്. അവശേഷിക്കുന്ന വില്ലേജുകളിൽ കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

വൻകിട വ്യവസായങ്ങളിൽ മുതൽമുടക്ക്

11(*10) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എത്ര ധാരണാപത്രങ്ങൾ ഒപ്പു വച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത ധാരണാപത്രങ്ങളുടെ അടിസ്ഥാനത്തിൽ എത്ര വ്യവസായങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ;

(സി) പുതുതായി ഇനി എത്ര വ്യവസായശാലകളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പുതുതായി ഇപ്രകാരം ആരംഭിച്ച സ്ഥാപനങ്ങൾവഴി സംസ്ഥാനത്ത് എത്ര രൂപയുടെ മുതൽമുടക്ക് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ,

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 66 വൻകിട ഇടത്തരം പദ്ധതികൾ സംബന്ധിച്ച ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ സഹായത്തോടെ 41 പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സ്വകാര്യ മേഖലയിൽ 223 സംരംഭകർക്കും, 3 പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) 2010-2011-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ പുതിയതായി 10 യൂണിറ്റുകൾ ആരംഭിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ വഴി 170 കോടി രൂപയുടെ മുതൽ മുടക്കാണ് കണക്കാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly